# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ *81

30.10.2019-ൽ മറുപടിയ്ക്ക്.

## ക്ഷീരഗ്രാമം പദ്ധതി

**ചോദ്യം**

**ശ്രീ.മോൻസ് ജോസഫ്**
**ശ്രീ.റോഷി അഗസ്റ്റിൻ**
**ശ്രീ.പി.ജെ.ജോസഫ്**
**ഡോ.എൻ. ജയരാജ്**

**ഉത്തരം**

**ശ്രീ.കെ രാജു**
(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി)

(എ) ക്ഷീരഗ്രാമം പദ്ധതിയുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(എ) ക്ഷീരഗ്രാമം പദ്ധതി നടത്തിപ്പിനായി ഒരു പഞ്ചായത്തിന് 50 ലക്ഷം രൂപയാണ് അനുവദിച്ചിട്ടുള്ളത്. ഇതിന്റെ ഭാഗമായി നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

| | ഇനവിവരം | യൂണിറ്റ് സബ്സിഡി (രൂപയിൽ) |
|---|---|---|
| 1 | രണ്ടു പശു യൂണിറ്റ് | 69,000/- |
| 2 | അഞ്ച് പശു യൂണിറ്റ് | 1,84,000/- |
| 3 | കോമ്പോസിറ്റ് യൂണിറ്റ് ( 1 പശു + 1 കിടാരി ) | 53,000/- |
| 4 | കോമ്പോസിറ്റ് യൂണിറ്റ് ( 3 പശു + 2 കിടാരി) | 1,50,000/- |
| 5 | കറവയന്ത്രം വാങ്ങുന്നതിനുള്ള സഹായം | ചെലവഴിക്കുന്ന തുകയുടെ 50% പരമാവധി 25,000 |
| 6 | അവശ്യാധിഷ്ഠിത ധനസഹായം | ചെലവഴിക്കുന്ന തുകയുടെ 50% പരമാവധി 50,000 |
| 7 | കാലിത്തൊഴുത്ത് നിർമ്മാണം | ചെലവഴിക്കുന്ന തുകയുടെ 50% പരമാവധി 50,000 |
| 8 | ധാതുലവണ മിശ്രിത വിതരണം | 100 |
| 9 | ഉരുക്കൾക്ക് ബാഹ്യസമ്മർദ്ദം ലഘൂകരിക്കുന്നതിനുള്ള ധനസഹായം | 25,000/- |

(ബി) സംസ്ഥാനത്ത് എവിടെയെല്ലാമാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ;

(ബി) 2019-20 വർഷത്തിൽ 10 ഗ്രാമ പഞ്ചായത്തുകളിലാണ് ക്ഷീര ഗ്രാമം പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്.

| ക്രമ നം | ഗ്രാമപഞ്ചായത്ത് | ജില്ല |
|---|---|---|
| 1 | വിളപ്പിൽ | തിരുവനന്തപുരം |
| 2 | കുളക്കട | കൊല്ലം |
| 3 | ശൂരനാട് വടക്ക് | കൊല്ലം |
| 4 | മെഴുവേലി | പത്തനംതിട്ട |
| 5 | പട്ടണക്കാട് | ആലപ്പുഴ |
| 6 | കല്ലൂർക്കാട് | എറണാകുളം |
| 7 | ആനക്കയം | മലപ്പുറം |
| 8 | പെരിങ്ങോട്ട് കുറിശ്ശി | പാലക്കാട് |
| 9 | ഇടച്ചേരി | കോഴിക്കോട് |
| 10 | ചൊക്ലി | കണ്ണൂർ |

(സി) ഈ പദ്ധതിയിലൂടെ കർഷകർക്കും ക്ഷീര സംഘങ്ങൾക്കും നൽകിവരുന്ന പ്രോത്സാഹന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) ക്ഷീര ഗ്രാമം പദ്ധതിയുടെ ഭാഗമായി കർഷകർക്ക് നൽകുന്ന സഹായങ്ങൾ ചുവടെ ചേർക്കുന്നു.

| | ഇനവിവരം | യൂണിറ്റ് സബ്സിഡി (രൂപയിൽ) |
|---|---|---|
| 1 | രണ്ട പശു യൂണിറ്റ് | 69,000/- |
| 2 | അഞ്ച് പശു യൂണിറ്റ് | 1,84,000/- |
| 3 | കോമ്പോസിറ്റ് യൂണിറ്റ് ( 1 പശു + 1 കിടാരി ) | 53,000/- |
| 4 | കോമ്പോസിറ്റ് യൂണിറ്റ് ( 3 പശു + 2 കിടാരി) | 1,50,000/- |
| 5 | കറവയന്ത്രം വാങ്ങുന്നതിനുള്ള സഹായം | ചെലവഴിക്കുന്ന തുകയുടെ 50% പരമാവധി 25,000 |
| 6 | അവശ്യാധിഷ്ഠിത ധനസഹായം | ചെലവഴിക്കുന്ന തുകയുടെ 50% പരമാവധി 50,000 |
| 7 | കാലിത്തൊഴുത്ത് നിർമ്മാണം | ചെലവഴിക്കുന്ന തുകയുടെ 50% പരമാവധി 50,000 |
| 8 | ധാതുലവണ മിശ്രിത വിതരണം | 100 |
| 9 | ഉരുക്കൾക്ക് ബാഹ്യസമ്മർദ്ദം ലഘൂകരിക്കുന്നതിനുള്ള ധനസഹായം | 25,000/- |

ഈ പദ്ധതിയുടെ ഭാഗമായി ക്ഷീരസംഘങ്ങൾക്ക് സഹായം നൽകുന്നില്ല.

(ഡി) പ്രസ്തുത പദ്ധതിയിലൂടെ ഏത് രീതിയിലാണ് ഇൻഷ്വറൻസും രോഗപ്രതിരോധ പ്രവർത്തനങ്ങളും നടപ്പിലാക്കിവരുന്നതെന്ന് അറിയിക്കുമോ; വിശദമാക്കാമോ?

(ഡി) പാലുല്പാദന വർദ്ധനവിനും തൊഴിൽ സാധ്യത വർദ്ധിപ്പിക്കുന്നതിനുമാണ് ക്ഷീരഗ്രാമം പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതിയുടെ ഭാഗമായി വാങ്ങുന്ന ഉരുക്കൾക്ക് ഇൻഷ്വറൻസ് പരിരക്ഷ

ഉറപ്പുവരുത്തിയിട്ടുണ്ട്. കൂടാതെ ക്ഷീരകർഷകർക്ക് വകുപ്പിന്റെ ക്ഷീര സാന്ത്വനം ഇൻഷ്വറൻസ് പദ്ധതിയുടെ സഹായവും ലഭ്യമാക്കുന്നുണ്ട്.

ക്ഷീരഗ്രാമം പദ്ധതിക്ക് മാത്രമായി രോഗപ്രതിരോധ പ്രവർത്തനങ്ങൾ മൃഗസംരക്ഷണ വകുപ്പ് നടപ്പാക്കുന്നില്ല. എന്നാൽ വകുപ്പിന്റെ പൊതുവായ മൃഗസംരക്ഷണ-രോഗപ്രതിരോധ പ്രവർത്തനങ്ങൾ ക്ഷീരഗ്രാമം പദ്ധതിയുടെ ഗുണഭോക്താക്കൾക്കും നൽകുന്നുണ്ട്. ഇതിൽ വീട്ടുപടിക്കൽ മൃഗചികിത്സാ സേവനം, കന്നുകാലി ആരോഗ്യസംരക്ഷണവും രോഗനിയന്ത്രണവും, മൃഗചികിത്സാ സേവനവും മൃഗാരോഗ്യവും തുടങ്ങിയ രോഗപ്രതിരോധ-നിവാരണ പ്രവർത്തനങ്ങൾ ഉൾപ്പെടുന്നു.

**സെക്ഷൻ ഓഫീസർ**